കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ : B5/44/2024-SEC തീയതി: 12-11-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2025 ലെ പൊതുതിരഞ്ഞെടുപ്പ് - പ്രശ്നബാധിത ബൂത്തുകളിൽ വീഡിയോഗ്രാഫി സംവിധാനം ഏർപ്പെടുത്തുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രശ്നബാധിത ബൂത്തുകളിൽ വെബ് കാസ്റ്റിംഗ് നടത്തുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. വെബ് കാസ്റ്റിംഗ് നടത്തുവാൻ കമ്മീഷൻ തീരുമാനിക്കുന്ന ബൂത്തുകളിൽ, ആയതിന് പശ്ചാത്തല സൗകര്യം ഇല്ലാത്തപക്ഷം കമ്മീഷന്റെ ചെലവിലും, രാഷ്ട്രീയ പാർട്ടികൾ, മറ്റ് സംഘടനകൾ, സ്ഥാനാർത്ഥികൾ എന്നിവർ ആവശ്യപ്പെടുന്ന ബൂത്തുകളിൽ അവരുടെ ചെലവിലും വീഡിയോഗ്രാഫി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

വീഡിയോഗ്രാഫി സംവിധാനം ഏർപ്പെടുത്തുന്നതിനു താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. പോളിംഗ് സ്റ്റേഷനുകളിൽ വീഡിയോഗ്രാഫി നടത്തുന്നത് സംബന്ധിച്ച് അതത് ജില്ലകളിലെ ഫോട്ടോഗ്രാഫി - വീഡിയോഗ്രാഫി സംഘടനകളുമായി ചർച്ച നടത്തി അതാത് ജില്ലകളിൽ ബൂത്തൊന്നിനു വിഡിയോഗ്രാഫി നടത്തുന്നതിനുള്ള നിരക്ക് മത്സരാടിസ്ഥാനത്തിൽ

നിശ്ചയിക്കേണ്ടതാണ്.

2 . സ്ഥാനാർത്ഥികൾ സ്വന്തം നിലയ്ക്ക് പോളിംഗ് ബൂത്തുകളിൽ വീഡിയോഗ്രാഫി നടത്തുന്നതിനു കൊടുക്കുന്ന പണം ജില്ലാ കളക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലോ, ജില്ലാ കളക്ടറുടേയും ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലോ നിക്ഷേപിക്കേണ്ടതും, തിരഞ്ഞെടുപ്പിനു ശേഷം വീഡിയോഗ്രാഫിയുടെ ബില്ലും ക്ലെയിമും ഹാജരാക്കുന്ന മുറയ്ക്ക് വിഡിയോഗ്രാഫി നടത്തുന്ന സ്ഥാപനത്തിനു പ്രസ്തുത തുക ടി അക്കൗണ്ടിൽ നിന്നും നൽകിയാൽ മതിയാകുന്നതുമാണ്.

4. തിരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവ്വവുമായി നടക്കണം എന്ന ലക്ഷ്യത്തോടെയാണ് സ്ഥാനാർത്ഥികളോ രാഷ്ട്രീയ കക്ഷികളോ മറ്റുള്ളവരോ പോളിംഗ് ബൂത്തിൽ വിഡിയോഗ്രാഫി നടത്തുവാൻ ആവശ്യപ്പെടുന്നത്. ആയതിനാൽ ഇതിലേയ്ക്കാവശ്യമായ ചെലവ് ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് പ്രചരണ ചെലവായി പരിഗണിക്കേണ്ടതില്ല.

5. വീഡിയോ ചിത്രങ്ങൾ മികച്ച ഗുണനിലവാരത്തിൽ റെക്കാർഡ് ചെയ്യപ്പെടും എന്നുറപ്പാക്കേണ്ടതാണ്.

6. യാതൊരു കാരണവശാലും സമ്മതിദായകർ വോട്ടു ചെയ്യുന്ന പ്രക്രിയ ചിത്രീകരിക്കുവാനും സമ്മതിദാനാവകാശത്തിന്റെ സ്വകാര്യതയിൽ ഭംഗം വരുത്തുവാനും പാടുള്ളതല്ല.

7. വിഡിയോ റെക്കാർഡിംഗിന്റെ പകർപ്പ് വിഡിയോഗ്രാഫർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനല്ലാതെ മറ്റാർക്കും നൽകുന്നില്ല എന്നുറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 12-11-2025 13:24:59
PRAKASH.B.S

SECRETARY

പകർപ്പ് :-

1) എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ / ജില്ലാ കളക്ടർമാർക്കും

2) പബ്ലിക്ക് റിലേഷൻസ് ഓഫീസർ, സം. തി. ക.

3) കമ്മീഷണറുടെ സി.എ.,

4) കമ്മീഷണറുടെ പി. എസ്

5) സെക്രട്ടറിയുടെ സി. എ

6) കരുതൽ ഫയൽ / ഓഫീസ് കോപ്പി

---

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,

ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )

e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in